**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4743** **11-08-2021 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ റെയിൽ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ റെയിൽ പാതയ്ക്കു വേണ്ടി എത്ര ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം സിൽവർ ലൈൻ റെയിൽ പാതയ്ക്ക് 1383 ഹെക്ടർ ഭൂമിയാണ് ആവശ്യമായിവരുക. ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം സ്ഥല സർവ്വേക്ക് ശേഷം മാത്രമേ കൃത്യമായ കണക്ക് വ്യക്തമാവുകയുള്ളൂ. |
| (ബി) | ഏറ്റെടുക്കുന്ന ഭൂമികളുടെ വിസ്തീർണ്ണവും സർവ്വേ നമ്പരും വില്ലേജും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഏറ്റെടുക്കുന്ന ഭൂമികളുടെ ഫോം 2 പ്രകാരം ആവശ്യമായ വിവരം റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സിൽവർ ലൈൻ റെയിൽ പാതയ്ക്കാവശ്യമായ ചെലവ് എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ; | (സി) | നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിക്കു 63,941 കോടി രൂപ മതിപ്പ ചിലവ് പ്രതീക്ഷിക്കുന്നു. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കായി 13,362 കോടി രൂപ ചിലവു പ്രതീക്ഷിക്കുന്നു. കേരള സർക്കാരും റെയിൽ മന്ത്രാലയവും തമ്മിൽ ഒപ്പു വച്ച സംയുക്ത സംരംഭ കരാർ അനുസരിച്ചും ഡി.പി.ആർ. പ്രകാരവും പ്രസ്തുത തുക കേരള സർക്കാർ വഹിക്കേണ്ടതാണ്. കൂടാതെ സംയുക്ത സംരംഭ കരാർ അനുസരിച്ച കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതിക്കായി നൽകേണ്ട ഓഹരിയും ഉൾപ്പെടുന്നു. ബാക്കിയുള്ള തുക മുഴുവനും അന്താരാഷ്ട്ര ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. |
| (ഡി) | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ; | (ഡി) | സ്ഥലമേറ്റെടുക്കലിനും നഷ്ടപരിഹാരത്തിനും മറ്റുമായി 2013 ലെ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിലാണ് ഭൂമിയുടേയും മറ്റും പ്രതിഫലം നിശ്ചയിക്കുക. |
| (ഇ) | സിൽവർ ലൈൻ റെയിൽ പാതയിൽകൂടി ഓടുന്ന ട്രെയിനുകൾക്ക് ഏതെല്ലാം സ്റ്റേഷനുകളിൽ സ്റ്റോപ്പ് ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാന സർക്കാർ അംഗീകരിച്ച വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം അർദ്ധ അതിവേഗ റെയിൽ പദ്ധതിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയുള്ള 11 സ്റ്റേഷനുകൾ വിഭാവനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കൊച്ചിഎയർപോർട്ട്, തൃശ്ശൂർ, |

| | | | |
|---|---|---|---|
| | | | തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ സ്റ്റേഷനുകളിലാകും സ്റ്റോപ്പുകൾ ഉണ്ടാവുക |
| (എഫ്) | പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങുമെന്നും ട്രെയിൻ ഓടിത്തുടങ്ങുക എപ്പോഴാണെന്നും അറിയിക്കാമോ? | (എഫ്) | റെയിൽവേ ബോർഡിന്റെയും, കേന്ദ്ര സാമ്പത്തികാര്യ മന്ത്രാലയത്തിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും അനുമതി ലഭിക്കുന്ന മുറയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് സിൽവർലൈൻ ട്രെയിൻ സർവ്വീസ് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ